File No.REV-DRF-A3/228/2020-REV

13873
31/12/20

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - എറണാകുളം ജില്ല - കുന്നത്തുനാട് താലൂക്ക് - അർബുദരോഗബാധിതനും വയോധികനുമായ ശ്രീ പി പി കുഞ്ഞന് - ചികിത്സയോട് അനുബന്ധിച്ച് ആവശ്യമായ യൂറിൻ ബാഗും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുന്നതിനുള്ള ചെലവ് സർക്കാർ വഹിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി ആർ എഫ് - എ ) വകുപ്പ്

സ.ഉ.(സാധാ) നം.3826/2020/റവ. തീയതി,തിരുവനന്തപുരം, 21/12/2020

പരാമർശം:- 1 16/06/2018 ലെ സ.ഉ. (സാധാ) നം.2244/2018/റവ സർക്കാർ ഉത്തരവ്

2 ശ്രീ. പി പി കുഞ്ഞന്റെ 23.06.2020 തീയതിയിലെ അപേക്ഷ

### ഉത്തരവ്

അർബുദരോഗബാധിതനും വയോധികനുമായ എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്ക് , പാമ്പാലയം വീട് ,കൊമ്പനാട് പി ഒ , പെരുമ്പാവൂർ സ്വദേശി ശ്രീ പി പി കുഞ്ഞന് രോഗ ബാധയെ തുടർന്ന് മൂത്ര സഞ്ചി നീക്കംചെയ്യേണ്ടി വരുകയും , തുടർന്ന് യൂറിൻ ബാഗ് ഉപയോഗിച്ച് തുടർ ജീവിതം മുന്നോട്ടു കൊണ്ട് പോകേണ്ടിവരുന്നതിനാലും, സാമ്പത്തിക ശേഷിയില്ലാത്ത ഇദ്ദേഹത്തിന് ചികിത്സകന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് ആവശ്യമായ എണ്ണം യൂറിൻ ബാഗും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുന്നതിനുള്ള ചെലവ് പൂർണമായും സർക്കാർ വഹിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഇത് സംബന്ധിച്ച് സമർപ്പിച്ച പരാമർശം (2) അപേക്ഷ സർക്കാർ പരിശോധിച്ചു. ടിയാന് അടുത്ത ഒരു വർഷത്തേയ്ക്ക് കൂടി ആവശ്യമായ എണ്ണം യൂറിൻ ബാഗും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുന്നതിനുള്ള ചെലവ് പൂർണമായും സർക്കാർ വഹിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാന് ആവശ്യമായ എണ്ണം യൂറിൻ ബാഗും അനുബന്ധ ഉപകരണങ്ങളും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വാങ്ങി എത്തിച്ചുകൊടുക്കേണ്ടതാണ്. ഇതിന് ആവശ്യമായ ചെലവിന്റെ ബിൽ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ജില്ലാ കളക്ടർ മുഖാന്തിരം സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ടി തുക കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ മാനേജിങ് ഡയറക്ടർക്ക് അനുവദിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാര്.റ്റി.കെ.
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ,(ആവശ്യമായ തുടർ നടപടികൾക്കായി)

ജില്ലാ കളക്ടർ, എറണാകുളം

തഹസിൽദാർ , കുന്നത്തുനാട്

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ആരോഗ്യവകുപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ